മലയാള മനോരമ
08 November 2025



സിഎംഎഫ്ആർഐയിൽ നടന്ന ആഗോള മറൈൻ സിംപോസിയത്തിന്റെ സമാപന സമ്മേളനം കുഫോസ് വൈസ്ചാൻസലർ ഡോ. എ. ബിജുകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# ജാഗ്രത; ധ്രുവപ്രദേശങ്ങൾ ചൂടുപിടിക്കുന്നു

കൊച്ചി● ധ്രുവ പ്രദേശങ്ങൾ ആഗോള ശരാശരിയെക്കാൾ 4 മടങ്ങ് വേഗത്തിൽ ചൂടു പിടിക്കുകയാണെന്നു ആഗോള മറൈൻ സിംപോസിയത്തിൽ ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ്. കടലിലെ മഞ്ഞുരുകൽ ധ്രുവ മേഖലയുടെ മാത്രം ആശങ്കയല്ലെന്നും ആഗോള പ്രശ്നമാണെന്നും നാഷനൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച് ഡയറക്ടർ ഡോ. തമ്പാൻ മേലോത്ത് പറഞ്ഞു.

ധ്രുവ മഞ്ഞുപാളികൾ ഇല്ലാതാകുന്നതു സമുദ്ര ജലനിരപ്പ് ഉയരാൻ കാരണമാകും. ഇത് ഉഷ്ണ മേഖലാ തീരങ്ങളെ നേരിട്ടു ബാധിക്കുകയും അറബിക്കടലിൽ ചുഴലിക്കാറ്റ് രൂപപ്പെടുന്നതു ശക്തിപ്പെടുത്തുകയും ചെയ്യുമെന്നാണു മുന്നറിയിപ്പ്.

സിഎംഎഫ്ആർഐയുമായി സഹകരിച്ച് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന സിംപോസിയത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഡോ. ശുഭ്ദീപ് ഘോഷ്, ഡോ. വി. വി. സുഗുണൻ, ഡോ. പി ജയശങ്കർ, ഡോ. രേഖ ജെ. നായർ എന്നിവർ പ്രസംഗിച്ചു.

സമുദ്ര സമ്പത്തിന്റെ സുസ്ഥിര ഉപയോഗത്തിന് ആവാസവ്യവസ്ഥ അധിഷ്ഠിത മാനേജ്മെന്റ് രീതികൾക്കു പ്രാധാന്യം നൽകണമെന്ന് സിംപോസിയം ശുപാർശ ചെയ്തു.

സമാപന സമ്മേളനം കുഫോസ് വൈസ്ചാൻസലർ ഡോ. എ ബിജുകുമാർ ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു.

സമുദ്ര സസ്തനികളെ ശബ്ദ വീചികളിലൂടെ തിരിച്ചറിയാനും നിരീക്ഷിക്കാനുമുള്ള സാങ്കേതികവിദ്യ മറൈൻ സിംപോസിയത്തിൽ ഗവേഷകർ പങ്കുവച്ചു. ഡോ. എ. ബിജുകുമാർ, ഡോ. ജെ. ജയശങ്കർ എന്നിവർ ചർച്ചയ്ക്കു നേതൃത്വം നൽകി.